# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **2233** 08.07.2015 - ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ കൊല്ലം ജില്ല ആയുർവേദാശുപത്രിയിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | ഈ സർക്കാർ കൊല്ലം ജില്ല ആയുർവേദ ആശുപത്രിയിൽ എക്സ്-റേ യൂണിറ്റ്, പഞ്ചകർമ്മ യൂണിറ്റ്, മിനി പഞ്ചകർമ്മ തീയേറ്റർ പ്രമേഹ രോഗികൾക്കായുള്ള ജീവനി പദ്ധതി, വൃദ്ധജന പരിപാലന യൂണിറ്റ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 01.07.2015 മുതൽ കൊല്ലം ജില്ല ആയുർവേദ ആശുപത്രിയിൽ യോഗ-പ്രകൃതി ചികിത്സാ വിഭാഗവും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ വൃദ്ധജന പരിപാലന കേന്ദ്രം, ഉപകരണങ്ങൾ, ലാബുകൾ എന്നിവ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) | കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ വൃദ്ധജന പരിപാലന കേന്ദ്രം ആരംഭിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷം 30 ലക്ഷം രൂപ അനുവദിക്കുകയും 10 കിടക്കകളോടുകൂടിയ വൃദ്ധജന പരിപാലന വാർഡ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം വൃദ്ധജന പരിപാലന യൂണിറ്റിന് 10 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിന് 2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൊല്ലം ജില്ലാ ആയുർവേദ ആശുപത്രിയിൽ നിലവിൽ ലാബ് പ്രവർത്തിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ